പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **2881** **22.06.2012**-ലെ മറുപടിക്ക്

## ഗ്രാമവികസന വകുപ്പിന് 2011-12-ൽ സംസ്ഥാന പദ്ധതി നടത്തിപ്പിനായി നീക്കിവയ്ക്കപ്പെട്ട തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) ഗ്രാമവികസന വകുപ്പിന് 2011-12 -ൽ സംസ്ഥാന പദ്ധതി നടത്തിപ്പിനായി നീക്കിവയ്ക്കപ്പെട്ട തുക എത്രയെന്ന് അറിയിക്കുമോ ; | എ) ഗ്രാമവികസന വകുപ്പിന് 2011-12-ൽ സംസ്ഥാന പദ്ധതികൾക്കായി 10397.02 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി 35604.78 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) ഇതിൽ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്ന് പറയാമോ ; | ബി) ഇതിൽ സംസ്ഥാന പദ്ധതിയിനത്തിൽ 4916.17 ലക്ഷം രൂപ ചെലവഴിച്ചു ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയിനത്തിൽ മുൻ വർഷത്തെ നീക്കിയിരിപ്പ് ഉൾപ്പെടെ ആകെ ലഭ്യമായ 45157.72 ലക്ഷം രൂപയിൽ നിന്നും 37419.48 ലക്ഷം രൂപ ചെലവഴിച്ചു. |
| സി) ചെലവഴിച്ച തുക അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരുമെന്നറിയിക്കുമോ ? | സി) സംസ്ഥാന പദ്ധതിയിൽ ചെലവഴിച്ച തുക അനുവദിക്കപ്പെട്ട തുകയുടെ 47.28 ശതമാനമാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയിനത്തിൽ ആകെ ലഭ്യമായ തുകയുടെ 82 ശതമാനമാണ് ചെലവഴിച്ചത്. |

സെക്ഷൻ ഓഫീസർ